(ഡി) സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പു വരുത്തി നാളികേര നീര ബോർഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി, 13-5-2014-ലെ സ.ഉ.(എംഎസ്.) 66/2014/നി.വ. പ്രകാരമാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

ഹൈടെക് കൃഷിരീതിയുടെ വ്യാപനം

99 (7396) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴം, പച്ചക്കറി വിളകളിൽ സമഗ്ര ഉത്പാദന വർദ്ധനവിനായി എന്തെല്ലാം കാര്യങ്ങളാണ് ഹൈടെക് കൃഷിരീതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) സംസ്ഥാനത്ത് എത്ര ഹെക്ടറിൽ പ്രസ്തുത കൃഷിരീതി നടത്തിവരുന്നുണ്ട് ; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് കർഷകർക്ക് നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പച്ചക്കറി വിളകളിൽ സമഗ്ര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹൈടെക് കൃഷിയിൽ സംരക്ഷിത കൃഷി, സൂക്ഷ്മ കൃഷി എന്നീ രീതികൾ ഉൾപ്പെടുത്തി അത്യുത്പാദനശേഷിയുള്ള ഹൈബ്രിഡ് വിത്തുകളാണ് കൃഷിക്കായി ഉപയോഗിക്കുന്നത്.

(ബി) സംസ്ഥാനത്ത് നാളിതുവരെ 11.94 ഹെക്ടർ (119463.95 ചതുരശ്ര മീറ്റർ) സ്ഥലത്ത് പോളീഹൗസ് കൃഷി നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം സംസ്ഥാനത്ത് 325 ഏക്കറോളം സ്ഥലത്ത് പ്രിസിഷൻ കൃഷിരീതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(സി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഗ്രീൻ ഹൗസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കിയ ഹൈടെക് കൃഷി പദ്ധതിയിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച ഒരു ചതുരശ്ര മീറ്ററിന് 935 രൂപയുടെ 75 ശതമാനം തുകയായ 701.25 രൂപ ധനസഹായമായി

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നു. ഇതിൽ 50 ശതമാനം തുക ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 25 ശതമാനം തുക സംസ്ഥാന സർക്കാർ വിഹിതവുമാണ്. കൂടാതെ കർഷകർക്കായുള്ള പരിശീലനവും ജില്ലകൾതോറും നടത്തിവരുന്നു. 2014-15 സാമ്പത്തിക വർഷത്തിലെ ധനസഹായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം പോളിഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ കർഷകർക്ക് 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നൽകിയിട്ടുണ്ട്. ഹൈടെക് കൃഷി രീതികൾ മനസ്സിലാക്കുന്നതിനാവശ്യമായ പരിശീലനങ്ങളും പഠനയാത്രകളും കർഷകർക്കും ഉദ്യോഗസ്ഥർക്കും കൗൺസിൽ നൽകിയിട്ടുണ്ട്.

പച്ചക്കറി വിത്തുകളുടെയും വളത്തിന്റെയും വിതരണം

100 (7397) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് പച്ചക്കറി വിത്തും വളവും നേരിട്ടാണോ വിതരണം ചെയ്യുന്നത് ; അല്ലെങ്കിൽ ഏത് ഏജൻസി വഴിയാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ; വിതരണത്തിന്റെ മാനദണ്ഡം എന്താണ് ;

(ബി) വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ ഗുണനിലവാരം ഇല്ലാത്തവയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിത്തുകളുടെ നിലവാരം കുറയാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വിത്ത് ശേഖരണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത് ; ഗുണനിലവാരം കുറഞ്ഞ വിത്തുകൾ നൽകിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ ; സ്വീകരിച്ചെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന പച്ചക്കറി വിത്ത് കിറ്റ് വിതരണം ചെയ്യുന്നുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50 ലക്ഷം കിറ്റുകൾ വിദ്യാർത്ഥികൾ വഴിയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ വഴിയുമാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly